# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE:04.08.2024**

1. ജനക്ഷേമ പരിപാടികളുടെ പ്രയോജനം അർഹരായ ഓരോരുത്തരിലും എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഗവർണർമാരോട് അഭ്യർത്ഥിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു.

2. വയനാട്ടിലെ ദുരന്തബാധിത പ്രദേശങ്ങളിൽ ആറാം നാളായ ഇന്നും തെരച്ചിൽ തുടരുന്നു. തിരിച്ചറിയാൻ കഴിയാത്ത മൃതദേഹങ്ങൾ പുത്തുമലയിൽ ഹാരിസൺ മലയാളത്തിന്റെ സ്ഥലത്ത് സംസ്കരിക്കാൻ സർക്കാർ തീരുമാനം.

3. ദുരന്ത മുഖങ്ങളിൽ കേരളം കാത്തുസൂക്ഷിക്കുന്ന മനുഷ്യത്വം നഷ്ടപ്പെടാതെ പരിപാലിക്കുക എന്ന ഉത്തരവാദിത്തം പുതിയതായി കേരള പോലീസിന്റെ ഭാഗമാകുന്നവർക്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4. വയനാട്ടിലെ ദുരന്തബാധിതരുടെ മാനസിക ആരോഗ്യത്തിനും പുനരധിവാസത്തിനുമാണ് പ്രാഥമിക പരിഗണനയെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

RNUTVM

**5. പാരീസ് ഒളിമ്പിക്സിൽ ബാഡ്മിന്റൺ, ബോക്സിംഗ്, ഹോക്കി മത്സരങ്ങളിൽ മെഡൽ പ്രതീക്ഷയോടെ ഇന്ത്യ ഇന്ന് കളത്തിലിറങ്ങും. ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഉച്ചയ്ക്ക് 2.30 ന്.**

****************************************************************

## ഹെഡ്‌ലൈൻ-1

## ഗവർണർ-സമ്മേളനം

ഓരോ സംസ്ഥാനവും മറ്റ് സംസ്ഥാനങ്ങളുടെ മികച്ച മാതൃകകൾ ഉൾകൊണ്ട് വികസന പ്രവർത്തനങ്ങൾ നടപ്പാക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആവശ്യപ്പെട്ടു. എല്ലാ ജനക്ഷേമ പരിപാടികളുടെയും പ്രയോജനങ്ങൾ അർഹരായ ഓരോരുത്തരിലും എത്തുന്നുണ്ടെന്ന് ഉറപ്പാക്കാൻ അവർ ഗവർണർമാരോട് അഭ്യർത്ഥിച്ചു. രാഷ്ട്രപതി ഭവനിൽ സംഘടിപ്പിച്ച ഗവർണർമാരുടെ രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ശ്രീമതി മുർമു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവരും യോഗത്തിൽ സംബന്ധിച്ചു.

RNU TVPM

**************************************

## ഹെഡ്‌ലൈൻ-2

## വയനാട്-ഉരുൾപൊട്ടൽ (ഇൻട്രോ)

വയനാട് ദുരന്തത്തിന്റെ ആറാം നാളായ ഇന്നും തെരച്ചിൽ തുടരുകയാണ്. സേവർ റഡാറും റെക്കോ റഡാറുകളുമടക്കം ഉൾപ്പെടുത്തിക്കൊണ്ടുള്ള തിരച്ചിലാണ് ഇന്ന് നടക്കുന്നത്. തിരച്ചിലിൽ കണ്ടെടുത്ത തിരിച്ചറിയാൻ കഴിയാത്ത

മൃതദേഹങ്ങൾ പുത്തുമലയിൽ ഹാരിസൺ മലയാളത്തിന്റെ സ്ഥലത്ത് സംസ്കരിക്കാൻ തീരുമാനമായി.

**വിശദാംശങ്ങളിലേക്ക്...**

## (വോയിസ്)

*വയനാട്ടിലെ ഉരുൾപൊട്ടൽ ദുരന്തത്തിൽ ഇതുവരെ ആകെ മരണം 365 ആയി. 219 പേരുടെ മരണമാണ് സംസ്ഥാന സർക്കാർ ഔദ്യോഗികമായി സ്ഥിരീകരിച്ചത്. തിരിച്ചറിയാൻ കഴിയാത്ത 67 മൃതദേഹങ്ങളാണ് പുത്തുമലയിലെ ഹാരിസൺ മലയാളത്തിന്റെ സ്ഥലത്ത് സംസ്കരിക്കുക. ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാർ ഉത്തരവ് ഉടൻ ഇറങ്ങും. സംസ്കാരം നടത്താൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലത്ത് റവന്യു ഉദ്യോഗസ്ഥർ സർവേ നടത്തി. 64 സെന്റ് സ്ഥലമാണ് അളന്നു തിട്ടപ്പെടുത്തിയത്. 200 മൃതദേഹങ്ങൾ സംസ്കരിക്കാനുള്ള സ്ഥലമാണ് ഹാരിസൺ മലയാളത്തോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടത്. ഇവിടെ 67 മൃതദേഹങ്ങൾ ഇന്ന് തന്നെ സംസ്കരിക്കും. സർവമത പ്രാർത്ഥനയോടെ സംസ്കാരം നടത്താനാണ് തീരുമാനം. ഇത് കൂടാതെ 147 ശരീര ഭാഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 206 പേരെ കണ്ടെത്താൻ ഉണ്ടെന്നാണ് ഔദ്യോഗിക കണക്ക്. മുണ്ടക്കൈ, ചൂരൽമല, പുഞ്ചിരിമട്ടം പ്രദേശങ്ങളിലും ചാലിയാറിലും ഇന്നും വ്യാപകമായ തെരച്ചിൽ നടത്താനാണ് തീരുമാനം. ഗാസിയാബാദിലെ ഹിൻഡൺ എയർബേസിൽ നിന്നും ഇന്നലെ എത്തിച്ച സേവർ റഡാറും നാല് റെക്കോ റഡാറുകളും തെരച്ചിലിൽ പങ്കുചേരും.*

***ന്യൂസ്ഡെസ്ക് ആകാശവാണി...***

****************************************

RNU/TVPM

## ഹെഡ്ലൈൻ-4

## സുരേഷ് ഗോപി-വയനാട്

വയനാട്ടിലെ ഉരുൾപൊട്ടൽ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുന്നതിന്റെ നിയമവശങ്ങൾ പരിശോധിക്കേണ്ടതുണ്ടെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ദുരിതബാധിതരുടെ മാനസിക ആരോഗ്യത്തിനും പുനരധിവാസത്തിനുമാണ് ഇപ്പോൾ പ്രാധാന്യം നൽകുന്നത്. എല്ലാ കാര്യങ്ങളും കേന്ദ്രം വിലയിരുത്തുന്നുണ്ടെന്നും സന്ദർശനത്തിൽ ബോധ്യമാകുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുമെന്നും സുരേഷ് ഗോപി വയനാട്ടിൽ മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനമാണ് ദുരന്തത്തിന്റെ വ്യാപ്തി സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. ഇന്ന് രാവിലെ വയനാട്ടിലെത്തിയ സുരേഷ് ഗോപി പുഞ്ചിരിമട്ടം, മുണ്ടക്കൈ പ്രദേശങ്ങൾ സന്ദർശിച്ചു. രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന സൈനിക ഉദ്യോഗസ്ഥരുമായും അദ്ദേഹം സംസാരിച്ചു.

RNUTVPM

***************************************

## ഹെഡ്ലൈൻ-3

## പൊലീസ് പാസിംഗ് ഔട്ട് പരേഡ്

തൃശൂരിലെ കേരള പോലീസ് അക്കാഡമിയിൽ രാവിലെ നടന്ന പാസിംഗ് ഔട്ട് പരേഡിൽ മുഖ്യമന്ത്രി പിണറായി വിജയൻ അഭിവാദ്യം സ്വീകരിച്ചു. വളരെ സന്തോഷത്തോടെ പുതിയ ഉദ്യോഗസ്ഥരെ പോലീസ് സേനയിലേക്ക് സ്വാഗതം ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു. വയനാട്ടിൽ പോലീസും അഗ്നിശമനസേനയും, സൈന്യവും, ദുരന്ത നിവാരണ സേനയും രക്ഷാപ്രവർത്തനത്തിൽ സ്വന്തം ജീവനർപ്പിച്ചു പ്രവർത്തിക്കുകയാണെന്നും അവർ നമ്മുടെ നാടിന്റെ

മനുഷ്യത്വം കാത്തുസൂക്ഷിക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. ദുരന്ത മുഖങ്ങളിൽ കേരളം കാത്ത് സൂക്ഷിക്കുന്ന മനുഷ്യത്വം നഷ്ടപ്പെടാതെ പരിപാലിക്കുക എന്ന ഉത്തരവാദിത്തം ഇന്ന് കേരള പോലീസ് സേനയുടെ ഭാഗമാകുന്നവർക്കുമുണ്ട് എന്ന് അദ്ദേഹം പറഞ്ഞു. കേരള പോലീസ് സേനയുടെ ഭാഗമാകുന്ന 410 കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡാണ് ഇന്ന് നടന്നത്.

**************************************

## വീണാ ജോർജ്ജ്-വയനാട്

ദുരന്ത മേഖലയിലെ കുട്ടികൾക്ക് മാനസികാരോഗ്യ പിന്തുണയും പരിചരണവും ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്. കുട്ടികളുടെ മാനസിക പിന്തുണ ഉറപ്പാക്കുന്നതിന് 137 കൗൺസിലർമാരെ നിയോഗിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള വിവിധ ജീവനക്കാർക്കും ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കും മാനസിക പിന്തുണ ഉറപ്പാക്കാനുള്ള ഇടപെടലുകൾ നടത്താനും അവലോകന യോഗത്തിൽ മന്ത്രി നിർദേശം നൽകി.

PRD TVPM

**************************************

## രജിസ്ട്രേഷൻ

ഉരുൾപൊട്ടൽ ദുരന്ത മേഖലയായ മുണ്ടക്കൈ, ചൂരൽമല മേഖകളിൽ സേവനം ചെയ്യാൻ എത്തുന്ന സന്നദ്ധ പ്രവർത്തകർക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കി. ചൂരൽമല കൺട്രോൾ റൂമിനു സമീപമാണ് റവന്യു വകുപ്പിന്റെ രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തിക്കുന്നത്. ഇവിടെയുള്ള കൗണ്ടറിൽ രജിസ്റ്റർ ചെയ്യുന്നവരെ മാത്രമാണ് ദുരന്ത മേഖലയിലേക്ക് ഇപ്പോൾ കടത്തിവിടുന്നത്.

**************************************

## റാപിഡ് റെസ്പോൺസ് ടീം

വയനാട് പ്രകൃതിക്ഷോഭത്തിൽ അടിയന്തര മെഡിക്കൽ സഹായം എത്തിക്കാൻ കണ്ണൂർ ഗവ: മെഡിക്കൽ കോളേജ് ആശുപത്രിയിൽ റാപിഡ് റെസ്പോൺസ് ടീം രൂപീകരിച്ചു. വിവിധ ക്ലിനിക്കൽ വിഭാഗങ്ങളിലേയും, കമ്മ്യൂണിറ്റി മെഡിസിനിലേയും ഡോക്ടർമാർ, പി.ജി വിദ്യാർത്ഥികൾ, ഹൗസ് സർജൻമാർ, നഴ്സിംഗ് ജീവനക്കാർ, പാരാമെഡിക്കൽ ജീവനക്കാർ, തുടങ്ങിയവർ ഉൾക്കൊള്ളുന്ന മെഡിക്കൽ സംഘത്തെയാണ് ദുരന്തനിവാരണത്തിന് കണ്ണൂർ ഗവ: മെഡിക്കൽ കോളേജിൽ സജ്ജമാക്കിയത്.

**************************************

## ഘർ ഘർ തിരംഗ

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഈ മാസം 9 മുതൽ 15 വരെ 'ഹർ ഘർ തിരംഗ' പ്രചാരണ പരിപാടിയുടെ ഭാഗമായി എല്ലാ വീടുകളിലും ദേശീയപതാക ഉയർത്തണമെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ അഭ്യർത്ഥിച്ചു. ഹർ ഘർ തിരംഗ പ്രചാരണപരിപാടി രണ്ട് വർഷത്തിനിടെ പുതിയ ദേശീയപ്രസ്ഥാനമായി മാറിയെന്നും അദ്ദേഹം പറഞ്ഞു.

**************************************

## കുളം നവീകരണം-കണ്ണൂർ (ഇൻട്രോ)

കേന്ദ്ര ഗവൺമെന്റിന്റെ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ 15 കുളങ്ങൾ നവീകരിക്കുന്നു. നാശത്തിന്റെ വക്കിലെത്തി നിൽക്കുന്ന കുളങ്ങളുടെ പുനർ നിർമ്മാണത്തിന് ആറ് കോടിയിലേറെ രൂപയാണ് വിനിയോഗിക്കുന്നത്.

RNU TVPM

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരന്റെ റിപ്പോർട്ടിലേക്ക്...

(വോയിസ്)

*************************************

## ഹെഡ്‌ലൈൻ-5

### ഒളിമ്പിക്സ്

പാരീസ് ഒളിമ്പിക്സിൽ, ഇന്ന് ഇന്ത്യയ്ക്ക് നിർണായക മത്സരങ്ങൾ. ഉച്ചകഴിഞ്ഞ് 3:30 ന് നടക്കുന്ന ഷട്ടിൽ ബാഡ്മിന്റൺ പുരുഷ സിംഗിൾസ് സെമിഫൈനലിൽ ലക്ഷ്യ സെൻ, ഡെന്മാർക്കിന്റെ വിക്ടർ അക്സെൽ സെന്നിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നു മണിക്ക് ബോക്സിങ്ങിൽ വനിതകളുടെ 75 കിലോഗ്രാം വിഭാഗം ക്വാർട്ടർ ഫൈനൽ പോരാട്ടത്തിൽ ലവ്‌ലിന ബോർഗോഹൈൻ ചൈനയുടെ ലി ക്വിയാനുമായി ഏറ്റുമുട്ടും. പുരുഷ ഹോക്കി ക്വാർട്ടർ ഫൈനലിൽ ഇന്ത്യ ഇന്ന് ബ്രിട്ടനെ നേരിടും. ജയിച്ചാൽ തുടർച്ചയായ രണ്ടാം ഒളിമ്പിക്സിലും ഇന്ത്യ അവസാന നാലിൽ ഇടം നേടും. ഉച്ചയ്ക്ക് 1.30 നാണ് മത്സരം.

*************************************

## ഹെഡ്‌ലൈൻ-5എ

### ക്രിക്കറ്റ്

ഇന്ത്യ-ശ്രീലങ്ക രണ്ടാം ഏകദിന ക്രിക്കറ്റ് മത്സരം ഇന്ന്. ഉച്ചയ്ക്ക് 2.30ന് കൊളംബോ പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം. ആദ്യ ഏകദിനം 'ടൈ' ആയിരുന്നു. മൂന്നു മത്സരങ്ങളാണ് പരമ്പരയിലുള്ളത്.

*************************************

RNU TVPM

## ഷിരൂർ തിരച്ചിൽ

ഷിരൂരിൽ കാണാതായ അർജുന് വേണ്ടിയുള്ള തിരച്ചിൽ ദുഷ്കരമെന്ന് ജില്ലാ ഭരണകൂടം. പുഴയിൽ അടിയൊഴുക്ക് ശക്തമായതിനാലാണിതെന്നും ജില്ലാ ഭരണകൂടം അറിയിച്ചു. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപ്പയ്ക്ക് പോലീസ് അനുമതി നൽകിയില്ല. പ്രതികൂല കാലാവസ്ഥയാണ് കാരണം. അതേസമയം, ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന്റെ കോഴിക്കോട്ടെ വീട് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് സന്ദർശിക്കുന്നുണ്ട്.

***************************************

## മഴ

വരും മണിക്കൂറുകളിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

RNU TVPM

***************************************

## ഇടുക്കി - അണക്കെട്ട് (ഇൻട്രോ)

കനത്ത മഴയിൽ ഇടുക്കി, മുല്ലപ്പെരിയാർ അണക്കെട്ടുകളിലെ ജലനിരപ്പിൽ കാര്യമായ വർധനവ്. കഴിഞ്ഞ വർഷത്തേക്കാൾ 35 അടിയിലധികം വെള്ളമാണ് ഇടുക്കിയിൽ മാത്രം വർദ്ധിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ....**

(വോയിസ്)

***************************************

## കുടിവെള്ള വിതരണം

ദേശീയപാത വികസന പ്രവർത്തനങ്ങൾക്കിടയിൽ കുടിവെള്ള വിതരണ പൈപ്പ് പൊട്ടിയതിനാൽ ചേർത്തലയിൽ കുടിവെള്ള വിതരണം സ്തംഭിച്ചു. ദേശീയപാതയോരത്ത് മായിത്തറയിലാണ് കുടിവെള്ള പൈപ്പ് പൊട്ടിയത്. ചേർത്തല നഗരത്തിലും പരിസരത്തുള്ള 8 പഞ്ചായത്തുകളിലും ബുധനാഴ്ച വരെ കുടിവെള്ള വിതരണം തടസ്സപ്പെടും. അറ്റകുറ്റപ്പണി ആരംഭിച്ചിട്ടുണ്ട്.

************************************

## തിരുവനന്തപുരം-വെടിവെയ്പ്പ്

തിരുവനന്തപുരത്ത് എൻ.എച്ച്.എം. ജീവനക്കാരി ഷിനിയെ എയർ പിസ്റ്റൽ ഉപയോഗിച്ച് വെടിവെച്ച കേസിലെ പ്രതിയായ ഡോക്ടർ ദീപ്തി മോൾ ജോസിനെ പീഡിപ്പിച്ചെന്ന പരാതിയിൽ പ്രാഥമികാന്വേഷണം ആരംഭിച്ചു. ജൂലായ് 30-ന് വഞ്ചിയൂർ പോലീസ് കൊല്ലത്തുനിന്നാണ് ദീപ്തിയെ അറസ്റ്റ് ചെയ്തത്. ഇവരിപ്പോൾ അട്ടക്കുളങ്ങര ജയിലിൽ റിമാൻഡിലാണ്.

RNU TVPM

************************************

## ആറ്റിങ്ങൽ എംഎൽഎ-മകൻ

ആറ്റിങ്ങൽ എംഎൽഎ ഒഎസ് അംബികയുടെ മകൻ വി വിനീത് വാഹനാപകടത്തിൽ അന്തരിച്ചു. ഇന്ന് പുലർച്ചെ കണിയാപുരത്ത് നടന്ന വാഹനാപകടത്തിലാണ് മരണം സംഭവിച്ചത്. ഇടയ്ക്കോട് സർവീസ് സഹകരണ സംഘം ജീവനക്കാരനാണ്. സംസ്കാര ചടങ്ങുകൾ ഉച്ചകഴിഞ്ഞ് ആറ്റിങ്ങൽ - കോരാണിയിലെ വീട്ടുവളപ്പിൽ നടക്കും.

************************************

## പൊന്മുടി

മഴ കാരണം അടച്ചിട്ടിരുന്ന തിരുവനന്തപുരം പൊന്മുടി ഇക്കോ ടൂറിസം ഇന്നുമുതൽ തുറന്നു പ്രവർത്തിക്കുമെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.

*

********************

********************************************************

RNU TVPM